**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1422** | **28-07-2021 - ൽ മറുപടിയ്ക്ക്**

**കേരള സ്റ്റേറ്റ് ഷിപ്പിംങ്ങ് ആന്റ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷന്റെ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | കേരള സ്റ്റേറ്റ് ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷൻ നടപ്പിലാക്കി വരുന്ന പദ്ധതികൾ ഏതെല്ലാം; വിശദമാക്കാമോ; | (എ) | ഉൾനാടൻ ജലപാതകളിലൂടെയുള്ള ചരക്ക് കടത്ത്, ജലവാഹനങ്ങളുടെ നിർമ്മാണം, റിപ്പയർ, ടൂറിസ്റ്റുകൾക്ക് കടൽയാത്ര ഒരുക്കുന്ന ടൂറിസം പ്രവർത്തനങ്ങൾ എന്നിവയാണ് കേരള ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷൻ മുഖ്യമായും നടത്തുന്നത്. ഇതിനായി കമ്പനിയ്ക്ക് ഒൻപതോളം വിവിധതരം ചരക്കു ബാർജുകളും മൂന്ന് ടൂറിസ്റ്റ് വാഹനങ്ങളുമുണ്ട്. നിലവിൽ 1200 ടൺ ഓയിൽ ബാർജ്, 300 ടൺ ആസിഡ് ബാർജ്, 300 ടൺ ഓയിൽ ബാർജ്, 100 പേർക്ക് ഇരിക്കാവുന്ന ടൂറിസ്റ്റ് വാഹനം എന്നിവ നിർമ്മാണത്തിന്റെ വിവിധ ദശയിലാണ്. |
| (ബി) | മറ്റ് കേന്ദ്ര-സംസ്ഥാന സ്ഥാപനങ്ങളുമായി ചേർന്ന് നടത്തുന്ന സംരംഭങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | (ബി) | കൊച്ചി നഗരസഭയുടേയും ഉൾനാടൻ ജലപാത അതോറിറ്റിയുടേയും ഉടമസ്ഥതയിൽ ഉള്ള രണ്ട് റോ-റോ വാഹനങ്ങൾ വീതം കമ്പനി സർവ്വീസ് നടത്തുന്നുണ്ട്. ഒറീസയിലെ ടൂറിസം രംഗത്തെ വികസന ത്തിനായി ഒറീസാ സർക്കാരുമായി ഒരു ധാരണാ പത്രം 13.02.2020-ാം തീയതി കമ്പനി ഒപ്പ വച്ചിട്ടുണ്ട്. ലക്ഷദ്വീപ് അഡ്മിനിസ്ട്രേറ്ററും തമിഴ് നാട്, മഹാരാഷ്ട്ര സർക്കാരുകളുമായി ജലവാഹനങ്ങളുടെ നിർമ്മാണത്തിനും കൺസൾട്ടൻസി സേവനം നൽകുന്നതിനു മായി ചർച്ചകൾ നടന്നു വരുന്നു. സാഗർമാല ഡെവലപ്മെന്റ് കോർപ്പറേഷനുമായും കൊച്ചി പോർട്ട് ട്രസ്റ്റുമായും സി പോർട്ട് - എയർപോർട്ട് ജലമാർഗ്ഗത്തിന്റെ വികസന ത്തിനും മറൈൻ ഡ്രൈവ്, വല്ലാർപ്പാടം, വൈപ്പിൻ, ഫോർട്ട് കൊച്ചി എന്നിവയെ ബന്ധിപ്പിച്ചുകൊണ്ടുള്ള കേബിൾ കാർ പദ്ധതി നടപ്പിലാക്കുന്നതിനുമുള്ള ചർച്ചകൾ നടന്നു വരുന്നു. |
| (സി) | കേരള മാരിടൈം ബോർഡുമായി ചേർന്ന് നടത്താൻ ഉദ്ദേശിക്കുന്ന സംയുക്ത സംരംഭങ്ങൾ | (സി) | കേരളാ സ്റ്റേറ്റ് മാരിടൈം ബോർഡുമായി സഹകരിച്ച് സംയുക്ത സംരംഭങ്ങൾ ഒന്നും |

| | | | |
|---|---|---|---|
| | എന്തെല്ലാമാണ്; | | നിലവിലില്ല. |
| (ഡി) | മാരിടൈം ബോർഡ് എന്തെങ്കിലും നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ടോ; | (ഡി) | മാരിടൈം ബോർഡുമായി സഹകരിച്ച് സംയുക്ത സംരംഭങ്ങൾ നടത്തുന്നതിന് നിലവിൽ പദ്ധതികൾ ഒന്നുമില്ല. എന്നാൽ സംയുക്ത സംരംഭങ്ങളിൽ ഏർപ്പെടുന്നതിനുള്ള സാദ്ധ്യതകൾ ആരായുന്നുണ്ട്. |
| (ഇ) | കേരള സ്റ്റേറ്റ് ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷൻ ടൂറിസം രംഗത്ത് ആവിഷ്കരിച്ചിട്ടുള്ള പുതിയ പദ്ധതികൾ എന്തെല്ലാമാണ്; | (ഇ) | ടൂറിസം രംഗത്ത് കൂടുതലും തീരദേശവുമായി ബന്ധപ്പെട്ട പദ്ധതികൾ ആവിഷ്കരിക്കാനുള്ള നടപടികൾ എടുത്തു വരുന്നു. അതിന്റെ മുന്നോടിയായി കാസറഗോഡും, കോഴിക്കോട്ടും, രാമൻതുരുത്തിലും ടൂറിസ്റ്റ് ബോട്ട് സർവ്വീസുമായി ബന്ധപ്പെട്ട പദ്ധതികൾ തുടങ്ങാനുള്ള നടപടികൾ വിഭാവനം ചെയ്തു വരുന്നു. കൂടാതെ ടൂറിസം വകുപ്പ് കേരള ഷിപ്പിംഗ് & ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷൻ വഴി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന തിരുവനന്തപുരം ജില്ലയിലെ നെയ്യാർഡാം ടൂറിസം വികസനത്തിനായി 4 സീറ്റർ സ്പീഡ്ബോട്ട്, 25 സീറ്റർ സഫാരി ബോട്ട്, കൊല്ലം അഷ്ടമുടി ടൂറിസം വികസന ത്തിനായി 45 പേർക്കിരിക്കാവുന്ന കട്ടമര ബോട്ട്, ജെറ്റ് സ്കീ, അനുബന്ധ ഫ്ലൈബോർഡ്, കോട്ടയം ജില്ലയിലെ ചങ്ങനാശ്ശേരി, കോടിമത, കുമരകം എന്നിവിടങ്ങളിലേക്കായി കയാക് വള്ളങ്ങളും ഷിക്കാര വള്ളങ്ങളും, എറണാകുളം മറൈൻഡ്രൈവ് ബോട്ട്ജെട്ടി നവീകരണം, കണ്ണൂർ ജില്ലയിൽ മലനാട് - മലബാർ റിവർ ക്രൂയീസ് പദ്ധതിക്കായി ഫ്രീഡം എന്ന പേരിൽ 6 പേർക്ക് യാത്ര ചെയ്യാവുന്ന രണ്ടു വാട്ടർ ടാക്സികളും, കൊപ്രാവള്ളം എന്ന പേരിൽ 10 പേർക്കിരിക്കാവുന്ന രണ്ടു ഫാമിലി ക്രൂയീസ് വള്ളങ്ങളും, മാരിവിൽ എന്ന പേരിൽ 25 പേർക്കിരിക്കാവുന്ന രണ്ടു ഹോപ്-ഓൺ ഹോപ്-ഓഫ് ക്രൂയീസ് വള്ളങ്ങളും, എന്നീ പദ്ധതികൾ വിവിധ ഘട്ടങ്ങളിലായി പൂർത്തീകരിച്ച് വരുന്നു. |
| (എഫ്) | കൊച്ചിയെ അന്താരാഷ്ട്ര നിലവാരമുള്ള നഗരമായി വളർത്തും എന്ന പതിനഞ്ചാം കേരള നിയമസഭയുടെ ആദ്യ സമ്മേളനത്തിലെ പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ കൊച്ചിയിലെ ടൂറിസം വികസനവുമായി ബന്ധപ്പെട്ട് ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിനും അവർക്ക് പ്രയോജനപ്പെടുത്തുവാനും ടൂറിസം വകുപ്പിന്റെ വരുമാന വർദ്ധവിനും ഉതകും വിധം വൈപ്പിൻ -ഫോർട്ടുകൊച്ചി, എറണാകുളം-മറൈൻഡ്രൈവ്-ബോൾഗാട്ടി പാലസ്-മുളവുകാട്- | (എഫ്) | സ്ഥലലഭ്യതയും ഫണ്ട് ലഭ്യതയും അനുസരിച്ച് ഇക്കാര്യം പരിഗണിക്കാവുന്നതാണ്. |

| | | | |
|---|---|---|---|
| | വല്ലാർപാടം-രാമൻതുരുത്ത് എന്നിവയെ ബന്ധിപ്പിച്ച് പദ്ധതി കൊണ്ടുവരുന്നത് സർക്കാർ പരിഗണിക്കുമോ? | | |

സെക്ഷൻ ഓഫീസർ